**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3376 — 14.07.2015 ൽ മറുപടിക്ക്

**ഇലക്ട്രോണിക് ഇടപാടുകളിൽ കേരളത്തിന് ഒന്നാം സ്ഥാനം**

**ചോദ്യം**

**ശ്രീ. ആർ . സെൽവരാജ്**
**ശ്രീ. എം.എ. വാഹിദ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. പി.എ.മാധവൻ**

(എ) രാജ്യത്ത് ഇലക്ട്രോണിക് ഇടപാടുകൾ നടത്തുന്ന സംസ്ഥാനങ്ങളിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന് ഈ ബഹുമതി ലഭിച്ചിട്ടുള്ളത് ;

**മറുപടി**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) & (ബി) ഇ-താൾ വെബ് പോർട്ടലിൽ ഇലക്ട്രോണിക് ഇടപാടുകൾ നടക്കുന്ന സംസ്ഥാനങ്ങളിൽ ഇന്ത്യയിൽ നിലവിൽ കേരളം മൂന്നാം സ്ഥാനത്താണ്. ഓരോ ദിവസവും നടക്കുന്ന ഇലക്ട്രോണിക് ഇടപാടുകളുടെ എണ്ണം അനുസരിച്ച് സംസ്ഥാനങ്ങളുടെ സ്ഥാനങ്ങളിൽ മാറ്റങ്ങൾ സംഭവിക്കാം. ഇതിനോടകം തന്നെ പല ദിവസങ്ങളിലും കേരളം ഒന്നാമത് എത്തിയിട്ടുണ്ട്.

ഒരു ഇ-ഗവേർണൻസ് ആപ്ലിക്കേഷൻ ഇ-താളിൽ രജിസ്റ്റർ ചെയ്യണമെങ്കിൽ ചുവടെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്:

1. ഉപഭോക്താവ് സേവനങ്ങൾ ആവശ്യപ്പെടുന്നത് ഇലക്ട്രോണിക് മാതൃകയിൽ ആവണം.അത് മൊബൈൽ ഫോണിലൂടെയോ വെബ് സൈറ്റിലൂടെയോ ആവാം.
2. ഉപഭോക്താവ് ഇപ്രകാരം സമർപ്പിച്ച അപേക്ഷ സർക്കാർ ഉദ്യോഗസ്ഥൻ കൈകാര്യം ചെയ്യുന്നതും സർട്ടിഫിക്കറ്റുകൾ അംഗീകരിക്കുന്നതും വിതരണം ചെയ്യുന്നതും ഇലക്ട്രോണിക്/ഡിജിറ്റൽ രൂപത്തിൽ ആവണം.
3. ഇതുമായി ബന്ധപ്പെട്ട ഡാറ്റാ ഡിജിറ്റൽ രീതിയിൽ സൂക്ഷിക്കണം.
4. ഉപഭോക്താവ് സമർപ്പിച്ച അപേക്ഷകളുടെ മറുപടി സമയബന്ധിതമായി ഡിജിറ്റൽ രൂപത്തിൽ എത്തിച്ചു കൊടുക്കണം.

| | | |
|---|---|---|
| (സി) | സംസ്ഥാന ഐ.റ്റി. മിഷൻ ഇതിനായി എന്തെല്ലാം നടപടികളാണ് കൈകൊണ്ടത് ? | (സി) 2013, ഒക്ടോബർ 1 ന് കേന്ദ്രവിവരസാങ്കേതിക വകുപ്പിന്റെ ഇ-താൾ വെബ് പോർട്ടൽ ഔപചാരികമായി ഉദ്ഘാടനം ചെയ്തതിനെ തുടർന്ന് കേരള സംസ്ഥാന ഐ.ടി.മിഷൻ സംസ്ഥാനത്ത് ഇതിന്റെ ചുമതല ഏറ്റെടുക്കുകയും വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് സമയബന്ധിതമായി ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഇ-താളിൽ വിവരങ്ങൾ നൽകുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |

Sajeena

**സെക്ഷൻ ഓഫീസർ**